(ഡി) ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ ഡിഗ്രി കോളേജും, ട്രെയിനിംഗ് സെന്ററും തുടങ്ങുന്നതിന് യൂണിവേഴ്സിറ്റി നിബന്ധന പ്രകാരം ആവശ്യമായ സ്ഥലവും സ്ഥിരം സംവിധാനം ഉണ്ടാകുന്നതുവരെ ടി സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ ആവശ്യമായ താൽക്കാലിക കെട്ടിടങ്ങളും സ്പോൺസറിംഗ് കമ്മിറ്റി തരപ്പെടുത്തി ഐ. എച്ച്. ആർ. ഡി-ക്ക് കൈമാറേണ്ടതാണ്. ഈ വ്യവസ്ഥ പാലിക്കപ്പെടുന്ന പക്ഷം ചേർപ്പ് നിയോജകമണ്ഡലത്തിൽ ഒരു ഡിഗ്രി കോളേജും ട്രെയിനിംഗ് സെന്ററും തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

എഞ്ചിനീയറിംഗ്/പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് സെക്ഷനൻ മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡം

76 [1439] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് സെക്ഷനൻ മാർക്ക് നൽകുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സെക്ഷനൻ മാർക്കിന്റെ പിൻബലത്തിൽ പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകർ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇത്തരക്കാർക്കെതിരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിൽ സെക്ഷനൽ മാർക്ക് നൽകുന്നത് 50% ടെസ്റ്റ്, 30% അസൈൻമെന്റ്, 20% ഹാജർ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ്. പോളിടെക്നിക്കിൽ ഇത് 40% പരീക്ഷ, 40% അസൈൻമെന്റ്, 20% ഹാജർ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

പോളിടെക്നിക്കുകളിലെ പരീക്ഷകൾക്കും എം. ടെക്. പരീക്ഷകൾക്കുമുള്ള പരീക്ഷാ കലണ്ടർ

77 [1440] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടി ചോയിസ് ആന്റ് ക്രെഡിറ്റ് സിസ്റ്റത്തിൽ അദ്ധ്യയനം നടത്തുന്ന ഏതെല്ലാം പോളിടെക്നിക്കുകളാണ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ളതെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly